LIBRARY ARCHIVES Kerala Legislative Assembly

## (3) മരുന്നുവ്യാപാര രംഗത്തെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കേരളത്തിലെ മരുന്ന് വ്യാപാര രംഗവുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. കേരളത്തിലെ മരുന്ന് വ്യാപാര രംഗത്ത് നിലനിന്നിരുന്ന അനാശാസ്യ പ്രവണതകൾക്കെതിരായി എറ്റവും ശക്തമായ നടപടി സ്വീകരിച്ച ആദ്യത്തെ ആരോഗ്യമന്ത്രിയാണ് അങ്ങ്. മരുന്ന് വ്യാപാര വിതരണ രംഗത്തുള്ള ഹോൾസെയിൽ റീട്ടെയിൽ ഏജന്റുമാരുടെ സംഘടനയായ എ.കെ.സി.ഡി.എ. നേരത്തെ ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് നീതി മാവേലി മെഡിക്കൽ സ്റ്റോറുകൾക്ക് മരുന്നുകൾ കൊടുക്കാതിരിക്കുക, ഇവിടെ പ്രോഡക്ട് ഇൻഫർമേഷൻ സർട്ടിഫിക്കറ്റ് എന്ന പേരിലും മറ്റ് പല പേരുകളിലും ഓരോ പ്രോഡക്ടുകൾക്കും 2,000 മുതൽ 3,000 രൂപ വരെ വാങ്ങിക്കുക, ഒരു കമ്പനി ഇവിടെ രജിസ്റ്റർ ചെയ്യണമെങ്കിൽ അവർക്ക് 20,000 രൂപ മുതൽ ലക്ഷക്കണക്കിന് രൂപ കൊടുക്കണമെന്ന ഒരു സ്ഥിതി വിശേഷം നമ്മുടെ കേരളത്തിലുണ്ടായിരുന്നു. ഇതിനെതിരെ ഞാൻ തന്നെ ഈ നിയമസഭയിൽ പലതവണ സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. അതിനെതുടർന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഈ കാര്യത്തിൽ വളരെ ശക്തമായി ഇടപെടുകയും ആ സംഘടന നടത്തിക്കൊണ്ടിരിക്കുന്ന സമാന്തരമായ പ്രവർത്തനത്തെ, മാഫിയ പ്രവർത്തനത്തെ തടയിടുകയും ചെയ്തത് നമുക്കെല്ലാവർക്കുമറിയാം. 'ഇടത്തെ കാലിലെ മന്ത് വലത്തേ കാലിലേക്കും' വന്നു എന്ന് പറഞ്ഞതുപോലെ, അതിനുശേഷം ഈ സംഘടനയുടെ തലപ്പത്തേക്കുവന്ന പുതിയ ആളുകൾ ഇപ്പോൾ വീണ്ടും പ്രോഡക്ട് ഇൻഫർമേഷൻ സർവ്വീസ് എന്ന പേരിൽ 2,000 രൂപ വീതം പിരിക്കുകയാണ്. ഓരോ കമ്പനിയുടെയും പ്രോഡക്ട്സ് ഇവിടെ ഇറക്കുന്നതിന് അവർ ലക്ഷക്കണക്കിന് രൂപ വാങ്ങിക്കൊണ്ടിരിക്കുന്നു. എന്നുമാത്രമല്ല സ്റ്റോക്കിസ്റ്റ് ഏജൻസിമാർക്ക് കൊടുക്കുന്നതിന് അവർ നിയമവിരുദ്ധമായ നിലയിൽ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ എ.കെ.സി.ഡി.എ എന്ന നിലയിൽ മാത്രമല്ല അവരുടെ ഓൾ ഇന്ത്യാ സംഘടനയായിരിക്കുന്ന All India Organisation of Chemists and Druggists Association എന്ന സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് ഷിൻഡേ ഇറക്കിയിരിക്കുന്ന ഒരു സർക്കുലറിന്റെ കോപ്പി അങ്ങേയ്ക്ക് നൽകുകയുണ്ടായി. അതിനകത്ത് പറയുന്നത് "You are requested to kindly forward the whole PIS of new products of rate Rs.2000 per products for the State of Kerala and...." കേരളത്തിലേയും ആസ്സാമിലെയും സംസ്ഥാനങ്ങളിൽ ഏത് പ്രോഡക്ട് ഇറക്കണമെങ്കിലും എ.ഐ.ഒ.സി.ഡി.എ. എന്ന സംഘടനയ്ക്ക് 2,000 രൂപ കൊടുക്കണം. ആ സർക്കുലറിന് താഴെ ഇവിടത്തെ എ.കെ.സി.ഡി.എ.-യുടെ സംസ്ഥാന സെക്രട്ടറി ആന്റണി തര്യൻ മുകളിൽ പറഞ്ഞിരിക്കുന്ന സർക്കുലർ പ്രകാരം എല്ലാ കമ്പനികളും 2008-ന്റെ മുൻകാല പ്രാബല്യത്തോടുകൂടി ഈ പൈസ എ.കെ.സി.ഡി.എ.- യ്ക്ക് കൊടുക്കണമെന്നാവശ്യപ്പെടുകയും എ.കെ.സി.ഡി.എ. ഇത് പ്രകാരം വാങ്ങിയിരിക്കുന്ന ലക്ഷക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടെ ഡെപ്പോസിറ്റിനെ സംബന്ധിച്ച റിപ്പോർട്ട് വിവരം ഞാൻ അങ്ങേക്ക് നൽകുകയുണ്ടായി. അത് മാത്രമല്ല ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്ന കാര്യം ഒരോ കമ്പനികളും അവരുടെ ഏജൻസികളെ നിശ്ചയിക്കുന്നതിന് സർക്കാരിന്റെ സംവിധാനമുണ്ട്. ഇവിടെ സർക്കാരിന്റെ ലൈസൻസ് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് സമ്പൂർണ്ണമായ നിയന്ത്രണത്തിലുള്ള ഈ സംവിധാനത്തിൽ, ഒരു സമാന്തരമായ സംവിധാനംപോലെ കപ്പം പിരിക്കുകയും നികുതി പിരിക്കുകയും ചെയ്തുകൊണ്ട് കോടിക്കണക്കിന് രൂപ തട്ടിയെടുക്കുന്ന ഏർപ്പാട് ഇപ്പോൾ വീണ്ടും ആരംഭിച്ചിരിക്കുകയാണ്. അതുകൊണ്ട് അങ്ങ് കേരളത്തിലെ ഈ രംഗത്ത് നടത്തിയിട്ടുള്ള ശക്തമായ പ്രവർത്തനം വീണ്ടും ഇവർക്കെതിരെ നടത്തേണ്ടതുണ്ട്. നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി ഒരു റിപ്പോർട്ട് സർക്കാരിന്റെ മുമ്പാകെ വയ്ക്കുകയുണ്ടായി. അതിനകത്ത് ഈ കാര്യങ്ങൾ പറയുന്നുണ്ട്. അതു കൊണ്ട് എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിലെ വളരെ പ്രധാനപ്പെട്ട ആക്ടുകൾ ഇവർക്കെതിരെ പ്രയോഗിക്കണം. അതിൽ എ.കെ.സി.ഡി.എ ഒരു ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്. നോ പ്രോഫിറ്റ് നോ ലോസ് എന്ന അടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട ഈ സംഘടനയ്ക്കകത്തുള്ള അംഗങ്ങൾ വെൽഫെയറിനു വേണ്ടി മാത്രം പ്രവർത്തിക്കാതെ അനധികൃതമായ പ്രവർത്തനങ്ങൾ ഇന്ന് സമാന്തരമായി നടത്തുന്നതിനാൽ ഇവർക്കെതിരെ 1980-ലെ പ്രിവൻഷൻ ഓഫ് ബ്ലാക്ക് മാർക്കറ്റിംഗ് ആന്റ് മെയിന്റനൻസ് ഓഫ് ദി എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ, കോഡ് ഓഫ് ക്രിമിനൽ പ്രൊസിജ്യൂവർ അനുസരിച്ച് നടപടി സ്വീകരിക്കണം. എന്ന് മാത്രമല്ല മരുന്ന് വ്യാപാര രംഗത്തുള്ള ഈ പ്രവണതയ്ക്കെതിരെ നടപടി സ്വീകരിച്ച അങ്ങ് ഇക്കാര്യത്തിൽ വീണ്ടും ശക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, സ്വകാര്യ മേഖലയിലെ മരുന്നു വ്യാപാര രംഗത്ത് നിയമവിരുദ്ധമായിട്ടുള്ള വളരെയേറെ പ്രവർത്തനങ്ങൾ നടന്നുവന്നതിന്റെ പശ്ചാത്തലത്തിലായിരുന്നു ഗവൺമെന്റ് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് മുഖേന ചില നടപടികൾ സ്വീകരിച്ചത്. ബഹുമാനപ്പെട്ട വി. എസ്. സുനിൽകുമാർ രണ്ട് വർഷം മുമ്പും ഈ വിഷയം സഭയിൽ ഉന്നയിച്ചിരുന്നു. നമുക്ക് ഉൽകണ്ഠയുണ്ടാക്കുന്ന ഒട്ടേറെ വാർത്തകൾ, അത് സത്യസന്ധമാണെന്ന് മനസ്സിലായതിനെത്തുടർന്നാണ് വളരെ ശക്തമായിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടിവന്നിട്ടുള്ളത്. ഇപ്പോഴും എ.കെ.സി.ഡി.എ. എന്ന സംഘടനയുടെ നേതൃത്വത്തിൽ നിയമവിരുദ്ധമായോ, അനധികൃതമായോ മരുന്നുവ്യാപാര രംഗത്തെ വ്യക്തികളെ സംഘടിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ വെൽഫെയറിനുവേണ്ടി ശ്രമിക്കുക എന്നതിനപ്പുറത്തേക്ക് ഒരു സംഘടനയ്ക്കും പ്രവർത്തിക്കാൻ അവകാശമില്ല. ആ വ്യാപാര രംഗത്തെ അംഗങ്ങളുടെ വെൽഫെയറിനുവേണ്ടിയാണ് അവർ സംഘടന ഉണ്ടാക്കിയിട്ടുള്ളത്. വെൽഫെയറിനുവേണ്ടിയാണെങ്കിൽ വെൽഫെയറിനു വേണ്ടി പ്രവർത്തിക്കണം. അല്ലാതെ അനധികൃതമായോ നിയമവിരുദ്ധമായോ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് പോലെ പ്രവർത്തിക്കുന്ന ഏതെങ്കിലുമൊരു സമീപനം ഒരു സംഘടനയുടെ പ്രത്യേകിച്ചും, ഈ മരുന്നു വ്യാപാര രംഗത്തെ സംഘടനയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെങ്കിൽ സെക്ഷൻ 18 പ്രകാരം കർശനമായ നടപടികൾ സ്വീകരിക്കാൻ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെടുന്നതാണ്.

### (4) പി.എച്ച്.സി.-യെ സി.എച്ച്.സി.യായി ഉയർത്താൻ നടപടി

<u>ശ്രീ. വി ചെന്താമരാക്ഷൻ</u>: സർ, കൊല്ലങ്കോട് പി.എച്ച്.സി.-യെ സി.എച്ച്.സി.-യായി ഉയർത്തണമെന്നതാണ് എന്റെ ആവശ്യം. കൊല്ലങ്കോട് പി.എച്ച്.സി.-യിൽ ആവശ്യത്തിനുള്ള ഡോക്ടർമാർ ഇല്ലാത്തതിനാൽ ആശുപത്രി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഒരു സിവിൽ സർജന്റേയും അസിസ്റ്റന്റ് സർജന്റേയും തസ്തികയുണ്ടായിരുന്ന ഈ ആശുപത്രിയിൽ, നിലവിലുണ്ടായിരുന്ന സിവിൽ സർജൻ റിട്ടയർ ചെയ്തതിനുശേഷം പ്രസ്തുത തസ്തികയും അസിസ്റ്റന്റ് സർജൻ തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. സമീപ പ്രദേശത്തെ അഞ്ച് പഞ്ചായത്തുകളിലെ ആദിവാസി ജനവിഭാഗങ്ങൾ ഉൾപ്പെടെയുള്ള സാധാരണ ജനവിഭാഗങ്ങൾ ആശ്രയിക്കുന്ന ആശുപത്രിയാണ് ഇത്. ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്തതുമൂലം ചികിത്സയ്ക്കായി സ്വകാര്യആശുപത്രികളെ സമീപിക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. കിടത്തി ചികിത്സയും, പോസ്റ്റ്മോർട്ടം സൗകര്യവുമുണ്ടായിരുന്നത് ഇപ്പോഴില്ല. എന്നുമാത്രമല്ല, പി.എച്ച്.സി. ആയതുകൊണ്ട് കൂടുതൽ ഡോക്ടർമാരുമില്ല. അതുകൊണ്ട് കൊല്ലങ്കോട് പി.എച്ച്.സി.-യെ സി.എച്ച്.സി.-യാക്കി ഉയർത്തണം. ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ച് കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യം ഉണ്ടാക്കണമെന്നതാണ് എന്റെ ആവശ്യം.

<u>ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)</u>: സർ, കൊല്ലങ്കോട് ഒരു പിന്നോക്ക പ്രദേശമാണ്. പക്ഷേ, കൊല്ലങ്കോട് പി.എച്ച്.സി.-യെ ഒരു 24/7 പി.എച്ച്.സി. ആയി ഇപ്പോൾ ഉയർത്തിയിട്ടുണ്ട്. ഒരു സിവിൽ സർജന്റെയും ഒരു അസിസ്റ്റന്റ് സർജന്റെയും തസ്തികയാണ് നിലവിലുള്ളതെങ്കിലും കമ്പൽസറി റൂറൽ സർവ്വീസിലുള്ള ഒരു ഡോക്ടർ ഉൾപ്പെടെ മൂന്ന് ഡോക്ടർമാർ അവിടെ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ, പല ആശുപത്രികളിലേയും ഡോക്ടർമാരുടെ പ്രവർത്തനം ആ പ്രദേശത്തെ പാവപ്പെട്ട രോഗികൾക്ക് അനുസൃതമായി വരുന്നില്ല എന്നുള്ള ചില കംപ്ലെയ്ന്റുകൾ കിട്ടിയിട്ടുണ്ട്. അതുപോലെ കൊല്ലങ്കോട് പി.എച്ച്.സി.യിൽ മൂന്ന് ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ടെങ്കിലും